**കേരള സർക്കാർ**

**ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്**

**<u>സർക്കുലർ</u>**

നം. 1034810/ഡി1/2016/ആ.സാ.വ തീയതി. തിരുവനന്തപുരം, 25/11/2016.

വിഷയം- ഹരിത കേരളം മിഷൻ-ആദ്യഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന- 1. 28.09.2016-ലെ സ.ഉ(പി) നം.41/2016/ആ.സാ.വ

2. 08.11.2016-ലെ സ.ഉ(എം.എസ്) നം.159/2016/തസ്വഭവ

**********************

ശുചിത്വ-മാലിന്യ സംസ്കരണം, ജലവിഭവം, ജൈവകൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കാർഷിക വികസനം എന്നീ മേഖലകളുടെ സമന്വയ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പുതിയ വികസന കാഴ്ചപ്പാട് സൃഷ്ടിക്കുന്നതിനുള്ള ബൃഹത്തായ പരിപാടിയാണ് ഹരിത കേരളം മിഷൻ. മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഇതിനകം തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്.

**2.** ഹരിത കേരളം മിഷൻ ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ എന്ന നിലയിൽ 2016 ഡിസംബർ 8-ാം തീയതി തുടക്കം കുറിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**3.** ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ചുവടെ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങളാണ് ഡിസംബർ എട്ടാം തീയതി തുടക്കം കുറിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

### 3.1. ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ

(1) പൊതുകിണറുകൾ ഉൾപ്പെടെ ഇപ്പോൾ തന്നെ വറ്റിപ്പോയതോ വറ്റാറായതോ ആയ ജലസ്രോതസ്സുകൾ വൃത്തിയാക്കി അടുത്ത മഴസമയങ്ങളിൽ ഫലപ്രദമായ ജലസംഭരണികളെന്ന നിലയിൽ പ്രവർത്തനക്ഷമമാക്കുന്ന പ്രവൃത്തികൾക്കാണ് മുൻതൂക്കം നൽകേണ്ടത്. ഇത്തരം ജലസ്രോതസ്സുകളിൽ കാലാകാലങ്ങളായി ഏതു രീതിയിലാണ് ജലം ശേഖരിച്ചു വന്നിരുന്നതെന്നും ഈ ജലനിർഗ്ഗമന മാർഗ്ഗങ്ങളിൽ തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ എന്നും ആയത് ഒഴിവാക്കി ഭാവിയിൽ ഉപയോഗപ്രദമായ ജലസംഭരണികളാക്കി നിലനിർത്തേണ്ടതെങ്ങനെയെന്നും പരിശോധിച്ചായിരിക്കണം ഇത്തരം പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടത്. കൂടാതെ നിലവിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂര മഴവെള്ള സംഭരണികൾ പ്രവർത്തന ക്ഷമമാക്കേണ്ടതിന് ആവശ്യമായ നടപടികളും ഏറ്റെടുക്കേണ്ടതുണ്ട്. സ്കൂളുകളിലും ഓഫീസുകളിലും പ്രവർത്തനരഹിതമായി കിടക്കുന്ന മേൽക്കൂര മഴവെള്ള സംഭരണികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാനാണ് മുൻഗണന നൽകേണ്ടത്. ഇടത്തരം കൈത്തോടുകളും കൈയാണികളും ജലവിഭവ വകുപ്പിന്റെ കനാലുകളും ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ ഘട്ടത്തിൽ ഏറ്റെടുക്കേണ്ടതാണ്.

(2) മഴവെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നതിനും വെള്ളപ്പാച്ചിൽ തടയുന്നതിനും കിണറുകളിലേയും മറ്റും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും മഴക്കുഴികൾ ശാസ്ത്രീയമായി നിർമ്മിക്കേണ്ടതും ആയതിന് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമായി ഏകോപിപ്പിച്ചു നടപ്പാക്കേണ്ടതുമുണ്ട്. ഇതോടൊപ്പം താൽക്കാലിക കയ്യാലകളുടെ അറ്റകുറ്റപ്പണികളും പ്രാദേശികമായി ചെയ്തു വന്നിരുന്ന രീതിയിലുള്ള ജൈവബണ്ടുകളുടെ നിർമ്മാണവും ഏറ്റെടുക്കേണ്ടതുണ്ട്.

താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതോടൊപ്പം ജലസ്രോതസ്സുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന പായൽ, പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ വാരിമാറ്റി വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും അഭികാമ്യമാണ്. ഈ വർഷം മഴകുറവായതിനാൽ നിലവിൽ ജലം ശേഖരിക്കപ്പെട്ടിട്ടുള്ള ജല സ്രോതസ്സുകൾ വറ്റിക്കാതെ സംരക്ഷിക്കപ്പെടേണ്ടത് സമീപ കിണറുകളിലടക്കം ജലലഭ്യത ഉറപ്പാക്കാൻ ആവശ്യമാണ്. അതിനാൽ ജലസ്രോതസ്സുകളിലെ പായലും പ്ലാസ്റ്റിക്ക് അടക്കമുള്ള മാലിന്യങ്ങളും നീക്കം ചെയ്ത് അവ വൃത്തിയായി പരിപാലിച്ചാൽ മതിയാകും. മണ്ണ് സംരക്ഷണം ഉൾപ്പെടെയുള്ള നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളുടെ ഊന്നൽ ഭൂഗർഭ ജലവിതാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലായിരിക്കണം. മേൽ വിവരിച്ച പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായും ബന്ധപ്പെടുത്തിയാണ് ആസൂത്രണം ചെയ്യേണ്ടത്.

### 3.2 പരിസര ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ

(1) കേരളത്തിലെ 60 ലക്ഷം വീടുകളിൽ മാലിന്യ വിവര ശേഖരണത്തിനായി സർവ്വെ നടത്താനുദ്ദേശിക്കുന്നു. ഡിസംബർ ഏഴിന് ആരംഭിച്ചു്രണ്ടോ മൂന്നോ ദിവസങ്ങൾ കൊണ്ട് വിവര ശേഖരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് മൊബൈൽ ഫോണുകളിൽ ആപ് അധിഷ്ഠിതമായി ആയിരിക്കും സർവ്വെ നടത്തുക. വിവര ശേഖരണത്തോടൊപ്പം ഓരോ കുടുംബങ്ങൾക്കും അനുയോജ്യമായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ അവരവർക്കു തന്നെ തെരഞ്ഞെടുക്കുന്നതിനുള്ള അവസരവും ഉണ്ടാകും. സ്കൂൾ കുട്ടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജ് വിദ്യാർത്ഥികൾ, നാഷണൽ സർവീസ് സ്കീം, സ്കൗട്ട് ആൻറ് ഗൈഡുകൾ, ആശാ പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകരെ ഒരുമിച്ച് അണിനിരത്തി കഴിയുന്നതും ഒറ്റദിവസം കൊണ്ട് സർവ്വെ പൂർത്തീകരിക്കാൻ ശ്രമിക്കണം.

(2) വീടുകൾ, ഹോട്ടലുകൾ, അറവു ശാലകൾ, കല്യാണ മണ്ഡപങ്ങൾ, ആശുപത്രികൾ, വ്യാപാര കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നിയമപരമായി നിർബന്ധമാക്കിക്കഴിഞ്ഞ ഉറവിട മാലിന്യ വേർതിരിക്കൽ സംവിധാനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികളുടെ തുടക്കം ഈ അവസരത്തിൽ കുറിക്കേണ്ടതുമുണ്ട്. അജൈവ മാലിന്യങ്ങൾ പുനരുപയോഗിക്കുന്നതിനും പുനഃചംക്രമണം നടത്തുന്നതിനും മാത്രമല്ല അവയുടെ അളവ് കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളും ആരംഭിക്കേണ്ടതുണ്ട്.

(3) ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിലും വഴിയോരങ്ങളിൽ മാലിന്യം കാലാകാലങ്ങളിലായി നിക്ഷേപിച്ചു വന്നതിന്റെ ഫലമായി രൂപപ്പെട്ട വഴിയോര മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്ത് പ്രസ്തുത സ്ഥലങ്ങൾ ശുചിയാക്കി സൗന്ദര്യവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി വിശദമായ മാർഗ്ഗരേഖ ശുചിത്വ മിഷൻ നൽകുന്നതാണ്. ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലും കുറഞ്ഞത് ഇത്തരം 10 കേന്ദ്രങ്ങളെങ്കിലും ഈ രീതിയിലുള്ള ഇടപെടലിലൂടെ ശുചീകരിക്കേണ്ടതാണ്.

(4) മേൽ പ്രവർത്തനം പൂർത്തിയാക്കിയ ശേഷം കേരളം മുഴുവനും ഒരു ദിവസം മാലിന്യ സംസ്കരണ സമൂഹ പ്രതിജ്ഞ എടുക്കേണ്ടതും ആ ദിവസം തന്നെ പ്ലാസ്റ്റിക് ഉപയോഗം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഒരു പ്ലാസ്റ്റിക് ഹർത്താൽ ആചരിച്ച് വീടുകളിലും മറ്റുമുള്ള പ്ലാസ്റ്റിക് സാമഗ്രികൾ ശേഖരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടതുമാണ്.

### 3.3 കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചെയ്യേണ്ട മുൻഗണനാ പ്രവർത്തനങ്ങൾ

(1) ഈ വർഷത്തെ ഓണത്തിന് പച്ചക്കറി മേഖലയിൽ സ്വയംപര്യാപ്തതയ്ക്ക് അടുത്തെത്താൻ നമുക്ക് കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. ഇതു സൂചിപ്പിക്കുന്നത് കേരളത്തിൽ ജൈവപച്ചക്കറികൾ ഉല്പാദിപ്പിക്കാൻ തയ്യാറായ ഒരു കർഷക സമൂഹവും അവശ്യം വേണ്ട പിന്തുണാ സംവിധാനങ്ങളുടെ ഏകോപനവും സാധ്യമാണ് എന്നതാണ്. ഈ സാഹചര്യം സ്ഥായിയായ ഒരു അവസ്ഥാ വിശേഷമായി നിലനിർത്താനുള്ള പ്രവർത്തനങ്ങൾക്കാണ് ഇനി ഊന്നൽ നൽകേണ്ടത്. ഇതിലേക്കായി 52 ആഴ്ചകളിലേക്കും കേരളത്തിനാവശ്യമായ അത്യാവശ്യ പച്ചക്കറി ഇനങ്ങളുടെ

വിളവെടുപ്പ് ഉറപ്പുവരുത്തുന്ന രീതിയിൽ ഒരു പച്ചക്കറി ഉല്പാദന കലണ്ടർ തയ്യാറാക്കേണ്ടതുണ്ട്. പ്രാദേശിക തലത്തിൽ ഇതിലേക്കായി താല്പര്യമുള്ള കർഷകരെയും ഗ്രൂപ്പുകളെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും സജ്ജരാക്കുന്നതോടൊപ്പം ഇതിനാവശ്യമായ ഭൂമി ലഭ്യതയും പച്ചക്കറി വിത്തുകൾ, സാങ്കേതിക പിന്തുണാ സംവിധാനം എന്നിവ ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. പ്രാദേശിക തലത്തിലെ കൃഷിവകുപ്പ് ഓഫീസുമായി ബന്ധപ്പെട്ടാകണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. ഇതിനായി അടിയന്തരമായി പഞ്ചായത്തുതല മിഷൻ യോഗം ചേർന്ന് രൂപരേഖ തയ്യാറാക്കേണ്ടതും ജില്ല- സംസ്ഥാനതല ക്രോഡീകരണ പ്രക്രിയ വഴി ജനുവരി ഒന്നു മുതൽ പച്ചക്കറി കലണ്ടർ പ്രവൃത്തി പഥത്തിൽ കൊണ്ടുവരേണ്ടതുമാണ്.

(2) ഓരോ തദ്ദേശ ഭരണ പ്രദേശങ്ങളിലുമുള്ള തരിശു ഭൂമിയുടെ ഫലപ്രദമായ വിനിയോഗം കാർഷിക വൃത്തിക്കായി ഒരുക്കുന്നതിനാവശ്യമായ നടപടികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒറ്റത്തവണ ഇടപെടലായി ഇത്തരം തരിശു ഭൂമികളെ കാർഷിക വൃത്തിക്ക് തയ്യാറാക്കാൻ വ്യക്തമായ പദ്ധതി തയ്യാറാക്കുകയും അംഗീകാരം നേടുകയും ചെയ്യേണ്ടതുണ്ട്. ഡിസംബർ മാസം കൊണ്ട് ഈ പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്. ഇപ്പോൾ തന്നെ സജ്ജരായ കാർഷിക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവർക്ക് ലഭ്യതയനുസരിച്ച് വിത്തുൾപ്പെടെയുള്ള ഉല്പാദനോപാധികൾ ഉറപ്പുവരുത്തി ഡിസംബർ എട്ടാം തീയതി തന്നെ സാധ്യതയുള്ള സ്ഥലങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

**4.** മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലെല്ലാം തന്നെ വമ്പിച്ച പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ജില്ലാമിഷനും തദ്ദേശസ്വയംഭരണ സ്ഥാപനതല മിഷനും സ്വീകരിക്കേണ്ടതാണ്. സമൂഹത്തിലെ സാധാരണക്കാരോടൊപ്പം തന്നെ അതത് പ്രദേശങ്ങളിലെ കലാ, സാംസ്കാരിക, സാഹിത്യ, കായിക മേഖലകളിലെ പ്രശസ്തരെയും കർഷകർ, വ്യവസായികൾ, സേനാ വിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചവർ, പ്രമുഖ ഉദ്യോഗസ്ഥർ, മുൻ ജനപ്രതിനിധികൾ എന്നിങ്ങനെയുള്ള മാന്യവ്യക്തികളുടെ സജീവ സാന്നിധ്യം ഉറപ്പാക്കാൻ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. എല്ലാ പൗരപ്രമുഖൻമാരേയും വ്യക്തിപരമായി ക്ഷണിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നുണ്ടെന്ന് പ്രത്യേകം ഉറപ്പുവരുത്തണം. ശ്രദ്ധേയമായ സാന്നിധ്യം ഉള്ള സ്ഥലങ്ങളിൽ അനുയോജ്യമായ മാധ്യമ പിന്തുണയും ഉറപ്പാക്കണം. തെരഞ്ഞെടുപ്പ് സമയത്തു ചെയ്യുന്നതുപോലെ ഇത്തരത്തിലുള്ള പ്രാദേശിക പ്രവർത്തനങ്ങളുടെ ദൃശ്യ ചിത്രീകരണം നടത്തുകയും ആയത് ക്രോഡികരിച്ച് ഹരിതകേരളം വെബ്സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുകയും വേണ്ടതുണ്ട്. ജില്ലാ കളക്ടറും ജില്ലാ ഇൻഫർമേഷൻ ഓഫീസറും ഇതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്. ഡിസംബർ എട്ടാം തീയതിയിലെ പരിപാടിയുടെ വിജയകരമായ നടത്തിപ്പും അർത്ഥവത്തായ ജനപങ്കാളിത്തവും ഉറപ്പാക്കാൻ ഡിസംബർ 5, 6 തീയതികളിൽ വാർഡുതല സംഘാടനവും ഭരണസമിതിതല അവലോകനവും ജില്ലാതല നിരീക്ഷണവും ഉദ്യോഗസ്ഥതലത്തിൽ ഉറപ്പാക്കേണ്ടതാണ്.

**5.** ഹരിതകേരളം മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന 2016 ഡിസംബർ 8 ന് മുന്നോടിയായി സ്കൂൾ തലത്തിൽ നൂതന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട് ക്വിസ്, ചിത്ര രചന, പ്രബന്ധ രചന, തുടങ്ങിയ മത്സരങ്ങൾ നടത്താവുന്നതാണ്. എ® .സി.സി. എൻ .എസ്.എസ്, എസ്.പി.സി തുടങ്ങിയ സംഘടനകളുടെ സ്കൂൾ തല യൂണിറ്റുകൾ ഇതുമായി ബന്ധപ്പെട്ട പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. ഡിസംബർ 1 മുതൽക്ക് ഒരാഴ്ചക്കാലം ഓരോ പ്രവൃത്തി ദിവസവും സ്കൂൾ അസംബ്ളിയിൽ ഹരിതകേരളവുമായി ബന്ധപ്പെട്ട ഒരു വിഷയം കേന്ദ്രീകരിച്ച് പ്രഭാഷണം നടത്തുന്നത് ഉചിതമായിരിക്കും. സ്കൂൾ അസംബ്ലിയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രതിജ്ഞയും എടുക്കാം. ഇതിനാവശ്യമായ കൈപ്പുസ്തകം സ്കൂളിൽ എത്തിച്ച് നൽകുന്നതാണ്. ഗൃഹതല സന്ദർശനവും വിവര ശേഖരണവും സംബന്ധിച്ച് പരിശീലനം, സ്കൂൾ കോമ്പൗണ്ടിൽ വീഴുന്ന മഴവെള്ളം പരമാവധി ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയും നടത്തേണ്ടതാണ്.

**6.** അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ അതാതിടത്തെ എല്ലാ വിഭാഗം ആൾക്കാരേയും ക്യാമ്പയിൻ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിനുവേണ്ടിയുള്ള ഗൃഹ സന്ദർശന പ്രവർത്തനം സംഘടിപ്പിക്കണം. വിദ്യാർത്ഥികൾക്കൊപ്പം ഗൃഹ സന്ദർശനത്തിലൂടെ വിവരശേഖരണം നടത്തുന്നതിന് അനുകൂലമായ അന്തരീക്ഷ സൃഷ്ടി ഉറപ്പാക്കേണ്ടത് കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പ്രധാന ഉത്തരവാദിത്തമായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടക്കുന്ന കൂടിയാലോചന യോഗങ്ങളിൽ സി. ഡി.എസ് ഭാരവാഹികൾ പങ്കെടുക്കുകയും ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തന തീരുമാനങ്ങൾ സി.ഡി.എസ് പൊതുയോഗം വിളിച്ചു ചേർത്ത് എല്ലാ എ. ഡി.എസ് ഭാരവാഹികളേയും അറിയിക്കുകയും വേണം. സർവ്വേ പ്രവർത്തനത്തിൽ ഏർപ്പെടുന്ന

വിദ്യാർത്ഥികൾളൊടൊപ്പം മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ഓരോ വീട്ടിലും എത്തുന്ന കുടുംബശ്രീ പ്രവർത്തകരും ഹരിത കേരളം മിഷന്റെ ലക്ഷ്യം വീട്ടുകാരുമായി പങ്കുവയ്ക്കണം. അതുപോലെ ജല സ്രോതസ്സുകളുടെ ശുചീകരണം , പച്ചക്കറി ഉത്പാദന കലണ്ടർ എന്നീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കാൻ വേണ്ട നടപടികൾ കുടുംബശ്രീ സ്വീകരിക്കണം.

**7.** മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിക്കുന്നതിന് ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ടവരുടെ ആദ്യയോഗം നവംബർ 28-നോ 29-നോ ഒരു നിശ്ചിത സമയത്ത് കൂടേണ്ടതാണ്. ആദ്യയോഗത്തിൽ തന്നെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തും ഏറ്റെടുക്കാൻ കഴിയുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കണ്ടെത്താനും, പരിപാടിയിൽ പങ്കെടുക്കേണ്ട പ്രമുഖരുടെ പങ്കാളിത്തം ഉറപ്പ വരുത്താനും നടപടികൾ എടുക്കേണ്ടതാണ്. ഈ യോഗത്തിന്റെ തൊട്ടടുത്ത ദിവസംതന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതിലേക്കായി ഒരു പ്രത്യേക ഭരണസമിതിയോഗം ചേരുകയും തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷന്റെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിച്ച് ചേർത്ത് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യേണ്ട താണ്.

**വി.എസ്. സെന്തിൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ബന്ധപ്പെട്ട എല്ലാ വകുപ്പ മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമവകുപ്പിന്.
ധനകാര്യവകുപ്പിന്.
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പിന്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് .

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് . മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്( പ്ലാനിംഗ്).